## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 579 11.06.2013-ൽ മറുപടിയ്ക്ക്

### അനധികൃത ചിട്ടിക്കമ്പനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കെ. നാരായണൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ചിട്ടിക്കമ്പനികളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | 30.04.2012 ൽ കേന്ദ്രചിട്ടി നിയമമായ ചിറ്റ് ഫണ്ട്സ് ആക്ട് 1982 സംസ്ഥാനത്ത് നിലവിൽ വരുന്നതു വരെ കേരളത്തിൽ നിലനിന്നിരുന്നത് 1975 ലെ ചിട്ടി ആക്ട് ആയിരുന്നു. ടി ആക്ടുകളിൽ ഒന്നും തന്നെ ചിട്ടി കമ്പനികൾ രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥയില്ല. മറിച്ച് ചിട്ടികളുടെ രജിസ്ട്രേഷൻ മാത്രമാണ് രജിസ്ട്രേഷൻ വകുപ്പുവഴി നിർവഹിക്കുന്നത്. കേന്ദ്ര ചിട്ടി നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം സംസ്ഥാത്താകെ 222 ചിട്ടി കമ്പനികൾ ചിട്ടികൾ രജിസ്റ്റർ ചെയ്ത് നടത്തി വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന എല്ലാ ചിട്ടിക്കമ്പനികളും നിയമാനുസൃത രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ; | | |
| (സി) | നിയമാനുസൃതമല്ലാതെ ചിട്ടി നടത്തിവന്നതിന്റെ പേരിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ നടപടി എടുത്തിട്ടുണ്ട്; ഇത് സംബന്ധമായി ഈ കാലയളവിൽ ലഭിച്ച പരാതികൾ എത്ര; | (സി) | കേന്ദ്രചിട്ടി നിയമം നിലവിൽ വന്നശേഷം 36 ചിട്ടി കമ്പനികളെ കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട്. അതിനു മുമ്പ് 1975 ലെ കേരള ചിട്ടി ആക്ട് ആണ് കേരളത്തിൽ നിലവിലുണ്ടായിരുന്നത്. ഈ കാലയളവിൽ ചിട്ടി കമ്പനികൾ മറ്റു സംസ്ഥാനങ്ങളിൽ ചിട്ടി ആരംഭിച്ച് കേരളത്തിൽ നടത്തുന്ന രീതിയായിരുന്നു. കേരളത്തിൽ ആരംഭിച്ച് നടപ്പിൽ വരുത്തിയ ചിട്ടികൾക്കാണ് കേരള ചിട്ടി ആക്ട് ബാധകമെന്നും കേരളത്തിന് പുറത്ത് ആരംഭിച്ച് കേരളത്തിൽ നടത്തിവരുന്ന ചിട്ടികൾക്ക് കേരള ചിട്ടി ബാധകമല്ലെന്നുള്ള ഹൈക്കോടതി വിധി |

| | | | |
|---|---|---|---|
| | | | യുള്ളതുകൊണ്ട് കേരള ചിട്ടി ആക്ട് പ്രകാരമോ 30.04.2012 ന് ശേഷം ഈ കമ്പനികളൊന്നും തന്നെ പുതിയ ചിട്ടികൾ ആരംഭിച്ചതായി കണ്ടെത്തിയിട്ടില്ലാത്തതിനാൽ ചിറ്റ് ഫണ്ട്സ് ആക്ട് 1982 ഉപയോഗിച്ചോ ടി കമ്പനികൾക്കെതിരെ നടപടിയെടുക്കാൻ കഴിയില്ല. 7 പരാതികൾ അന്വേഷിച്ചപ്പോൾ പരാതിയിൽ കഴമ്പില്ലാത്തതിനാൽ നടപടി സ്വീകരിക്കേണ്ടി വന്നിട്ടില്ല. 25 പരാതികളുടെ അന്വേഷണ നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. 4 ചിട്ടിക്കമ്പനികൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് ചിട്ടി നടത്തുന്ന സ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ എത്ര; | (ഡി) | 30.04.2012 ൽ കേന്ദ്ര ചിട്ടി നിയമം നിലവിൽ വരുന്നതിനുമുമ്പ് കേരളത്തിന് പുറത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിൽ നടത്തിവരുന്ന ചിട്ടികൾക്ക് അവയുടെ കാലാവധി പൂർത്തീകരിക്കുന്നതുവരെ തുടരാം എന്ന് കേന്ദ്ര നിയമം സെക്ഷൻ 85(a) അനുശാസിക്കുന്നുണ്ട്. ടി നിയമം സെക്ഷൻ 19 ൽ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമം നിലവിൽ വന്നശേഷം സംസ്ഥാനത്തിന്റെ പുറത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിൽ ചിട്ടി നടത്തുന്ന സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ഇ) | ശരാശരി എത്ര കോടി രൂപയുടെ സ്വകാര്യ ചിട്ടികൾ പ്രതിവർഷം സംസ്ഥാനത്ത് നടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ? | (ഇ) | ഏകദേശം 16 കോടി 63 ലക്ഷം രൂപയുടെ സ്വകാര്യ ചിട്ടികൾ പ്രതിവർഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ